"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാവകുപ്പ് - കാസർഗോഡ് ജില്ലയിലെ ആദ്ദൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുജ.എസ്.എം. ന്റെ - അന്തർ ജില്ലാ സ്ഥലമാറ്റ അപേക്ഷ - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ്(എ) വകുപ്പ്

സ.ഉ.(കൈ) നം.31/2021/AYUSH തീയതി,തിരുവനന്തപുരം, 03/12/2021

പരാമർശം:-
1. 02.12.1991-ലെ ജി .ഒ. (പി) നം.36/91/P&ARD നം.കത്ത്
2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 18.11.2019 ,25.08.2021 എന്നീ തീയതികളിലെ ഇ1-565501/2019 നം.കത്തുകൾ
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 6.03.2020 ലെ DCTVM/127/2020-S6 നം.കത്ത്

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ ആദ്ദൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ അറ്റൻഡർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സുജ.എസ്.എം. നിലവിൽ കാസർഗോഡ് ജില്ലയിൽ 10 വർഷമായി സേവനമനുഷ്ഠിച്ച് വരുന്നുവെന്നും വാർദ്ധക്യസഹജമായ രോഗത്താൽ ബുദ്ധിമുട്ടനുഭവിക്കുന്ന പിതാവിന്റെ സംരക്ഷണം കണക്കിലെടുത്താണ് അന്തർ ജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയതിനാൽ ടിയാളുടെ അപേക്ഷ അനുഭാവപൂർവം പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള അറ്റൻഡർ ഗ്രേഡ്-1 തസ്തികയിൽ ടിയാൾക്ക് സ്ഥലംമാറ്റം അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് ഉത്തരാവകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്തർ ജില്ലാ സ്ഥലംമാറ്റം എൻട്രി കേഡർ തസ്തികയിലാണ് അനുവദിക്കുന്നത്. ആയതിനാൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ടിയാളുടെ അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷ പരിഗണനാർഹമല്ല. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ആദ്ദൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ അറ്റൻഡർ ഗ്രേഡ്-I ആയ ശ്രീമതി.സുജ.എസ്.എം.ന്റെ അന്തർ ജില്ലാ സ്ഥലമാറ്റ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ,ഭാരതീയ ചികിത്സാ വകുപ്പ്,തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം/കാസർഗോഡ്
ശ്രീമതി സുജ എസ് .എം (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ്.(ഇനം.നം.415 തീയതി 01.12.2021)
വെബ് & ന്യൂമീഡിയ ( പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 01-12-2021

ഫയൽ നം. എ1/123/2019-ആയുഷ്. ഇനം നം: 415

വിഷയം : ആയുഷ് വകുപ്പ് - അറ്റൻഡർ ഗ്രേഡ്-I ശ്രീമതി. സുജ എസ്. എം.-ന് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : അനുവദിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

Pl issue the GO
Rajan 2.12.2021

Dy Secretary Ayush

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 1/123/2019-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | അറ്റൻഡർ ഗ്രേഡ്-I ശ്രീമതി സുജ എസ്.എം ന് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.11.2021 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | ഇല്ല |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്.<br>ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ. വി. |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജൻ എൻ. ഖൊബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 22.11.2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.11.2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ്. |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29.11.2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30.11.2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 01-12-2021 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | ജി.ഒ(എം.എസ്) 31/2021/ആയുഷ് തീയതി 3/12/2021 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിലെ ആദൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ അറ്റൻഡർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സുജ എസ്.എം ന് കാസർഗോഡ് ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീമതി സുജ എസ് . എം.നിലവിൽ കാസർഗോഡ് ജില്ലയിൽ 10 വർഷമായി സേവനമനുഷ്ഠിച്ചു വരുന്നു വെന്നും വാർദ്ധക്യസഹജമായ രോഗത്താൽ ബുദ്ധിമുട്ടനുഭവിക്കുന്ന പിതാവിനെ ശുശ്രൂഷിക്കുന്നതിന് കൂടിയാണ് ടിയാൾ അന്തർ ജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടുന്നതെന്നും ആയതിനാൽ ടിയാളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള അറ്റൻഡർ ഗ്രേഡ് -I തസ്തികയിൽ ടിയാൾക്ക് സ്ഥലംമാറ്റം അനുവദിച്ചു നൽകുന്നത് സംബന്ധിച്ച് ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പു ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. ഗവൺമെന്റിന്റെ 02.12.1991 36/91/P& ARD നമ്പർ ഉത്തരവ് പ്രകാരം ജില്ലയിൽ ഒരു തസ്തികയിൽ 5 വർഷം പൂർത്തീകരിക്കുകയും അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജില്ലയിൽ ഒരു കലണ്ടർ വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ 10% ഒഴിവുകളിൽ മാത്രമേ അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുവാൻ പാടുള്ളൂയെന്നും നിഷ്കർഷിച്ചിട്ടുണ്ട് .കൂടാതെ സ്ഥലംമാറ്റം ആവശ്യപ്പെട്ട ജില്ലയിലെ ജില്ലാകളക്ടറുടെ ശുപാർശ സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്.

4. ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"മാനുഷികപരിഗണന അർഹിക്കുന്ന ഒന്നാണ് ടിയാളുടേത് എന്ന് ഭരണ വകുപ്പിന് ഉത്തമബോദ്ധ്യമുള്ള പക്ഷം ടി വിഷയത്തിൽ ഉചിതതലത്തിൽ ഉത്തരവ് തേടി പരിഗണിക്കാവുന്നതാണ് എന്നും അറിയിക്കുന്നു."

5. ഭാരതീയ ചികിത്സാ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സുജ എസ്.എം., ടിയാളുടെ അന്തർജില്ലാ സ്ഥംലമാറ്റത്തിനായി സമർപ്പിച്ച് അപേക്ഷയിൻമേൽ നെടുമങ്ങാട് തഹസിൽദാർ മുഖേന അന്വേഷണം നടത്തിയിരുന്നെന്നും ആയത് പ്രകാരം ശ്രീമതി സുജ എസ്. എം വെള്ളനാട് വില്ലേജിൽ

ബഥേൽ, ആറ്റുകാൽ , കുളക്കോട് വെള്ളനാട് എന്ന വിലാസത്തിലാണെന്നും ടിയാളും ഭർത്താവ് ശ്രീ മുരളിയും കാസർഗോഡ് ജില്ലയിൽ ജോലി ചെയ്തുവരുന്നതായും അപേക്ഷയുടെ പിതാവ് താമസിക്കുന്ന വെള്ളനാട് ബഥേൽ വീട്ടിൽ എല്ലാ മാസവും വന്നുപോകാറുണ്ടെന്നും അറിയിച്ചിട്ടുണ്ട് . അപേക്ഷയുടെ മാതാവ് മരണപ്പെട്ടിട്ടുള്ളതായും 76 വയസ്സുള്ള പിതാവ് സോമൻ , കാഴ്ച സംബന്ധമായ രോഗത്തിന് ചികിത്സയിലാണെന്നും അയൽവാസികളുടെ സഹായത്താലാണ് ടിയാൾ കഴിഞ്ഞ് പോകുന്നതെന്നും മകളായ അപേക്ഷയുടെ സാമീപ്യം അനിവാര്യമാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ഭാരതീയ ചികിത്സാ വകുപ്പിൽ അറ്റൻഡർ ഗ്രേഡ് -II വിഭാഗം ജീവനക്കാർക്ക് ജില്ലാതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അറ്റൻഡർ ഗ്രേഡ് -I ആയി റേഷ്യോ പ്രമോഷൻ അനുവദിക്കുന്നതെന്നും ആയതിനാൽ അറ്റൻഡർ ഗ്രേഡ് -I തസ്തികയിലുള്ള ടി ജീവനക്കാരിക്ക് തിരുവനന്തപുരം ജില്ലയിലെ അറ്റൻഡർ ഗ്രേഡ് -I തസ്തികയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന പക്ഷം തിരുവനന്തപുരം ജില്ലയിലുള്ള അറ്റൻഡർ ഗ്രേഡ് -II ജീവനക്കാരന് അറ്റൻഡർ ഗ്രേഡ് -I തസ്തികയിലേക്ക് റേഷ്യോ പ്രമോഷൻ നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. നിലവിൽ ടിയാരിക്ക് സ്ഥലംമാറ്റം നൽകുന്ന പക്ഷം നിയമനം നൽകുന്നതിനായി (അറ്റന്റർ /നേഴ്സിംഗ് അസിസ്റ്റന്റ്) ഗ്രേഡ്-1 തസ്തികയിൽ ഒരു ഒഴിവ് നീക്കി വെച്ചിട്ടുണ്ടെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7. അന്തർ ജില്ലാ സ്ഥലംമാറ്റം എൻടി കേഡർ തസ്തികയിലാണ് അനുവദിക്കുന്നത്.ശ്രീമതി സുജയ്ക്ക് അറ്റൻഡർ ഗ്രേഡ് -II തസ്തികയിൽ നിന്നും അറ്റൻഡർ ഗ്രേഡ് -I തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചിട്ടുള്ളതിനാൽ ടിയാളെ അച്ചടക്ക നടപടിയുടെ ഭാഗമായോ അല്ലെങ്കിൽ അംഗീകൃത തസ്തികയുടെ അഭാവത്തിൽ മാത്രമേ റിവേർട്ട് ചെയ്യുന്നതിന് വ്യവസ്ഥയുള്ളു. ആയതിനാൽ ടിയാൾക്ക് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് അറ്റൻഡർ ഗ്രേഡ് -I തസ്തികയിൽ അന്തർജില്ലാ സ്ഥമാറ്റത്തിന് അർഹതയില്ല. ആയതിനാൽ ടിയാൾക്ക് അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജില്ലയിൽ ജൂനിയർ മോസ്റ്റായി അറ്റൻഡർ ഗ്രേഡ് -II തസ്തികയിൽ സ്ഥലംമാറ്റം ലഭിക്കുന്നതിന് സമ്മതമാണെങ്കിൽ മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുള്ളു.ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സുജ സമ്മതപത്രം ഹാജരാക്കിയിട്ടുള്ളതാണ്.

8. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ആദൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ അറ്റൻഡർ ഗ്രേഡ്-I ആയ ശ്രീമതി സുജ എസ് . എം ന് ടിയാളുടെ പിതാവിന്റെ സംരക്ഷണാർത്ഥം മാനുഷികപരിഗണന നൽകി പ്രത്യേക

കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി കാസർഗോഡ് ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അറ്റന്റർ ഗ്രേഡ് II തസ്തികയിൽ ജൂനിയർ മോസ്റ്റ് ആയിരിക്കുമെന്ന വ്യവസ്ഥയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കാമോയെന്നതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ് ജില്ലയിലെ ആദൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ അറ്റൻഡർ ഗ്രേഡ്-I ആയ ശ്രീമതി സുജ എസ് . എം ന് ടിയാളുടെ പിതാവിന്റെ സംരക്ഷണാർത്ഥം മാനുഷികപരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി അറ്റന്റർ ഗ്രേഡ് II തസ്തികയിൽ ജൂനിയർ മോസ്റ്റ് ആയിരിക്കുമെന്ന വ്യവസ്ഥയിൽ കാസർഗോഡ് ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകാമോ?